## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1657 | | 10.02.2020-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| കോട്ടൺഹിൽ സ്കൂളിലെ പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിലെ കാലതാമസം. | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.വി.എസ്.ശിവകുമാർ | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | |
| (എ) | തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ വഴുതയ്ക്കാട് ഗവ. കോട്ടൺഹിൽ സ്കൂൾ പ്രീപ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനും നഴ്സറി സ്കൂളിനുമായി 2015-16 സാമ്പത്തിക വർഷം ആസ്തി വികസന സ്കീമിൽ നിന്നും 45 ലക്ഷം രൂപ ചെലവഴിച്ച് ഒരു പുതിയ കെട്ടിടം നിർമ്മിച്ചു നൽകുന്നതിന് ഭരണാനുമതി നൽകിയ പ്രവൃത്തി ആരംഭിക്കുന്നതിന് പഴയ കെട്ടിടം നഗരസഭ പൊളിച്ചുമാറ്റി സൈറ്റ് ക്ലിയർ ചെയ്ത് നൽകണമെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇതിനായുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ; | (എ) & (ബി) | തിരുവനന്തപുരം നഗരസഭ പരിധിയിലെ കോട്ടൺഹിൽ സ്കൂളിനും പ്രീപ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനും നഴ്സറി സ്കൂളിനുമായി കെട്ടിടം പണിയുന്നതിന് സൗകര്യപ്രദമായ സ്ഥലം സ്കൂൾ കോമ്പൗണ്ടിൽ ഇല്ലാത്തതിനാലും നിലവിൽ കുട്ടികൾക്ക് പഠിക്കുവാൻ സ്ഥലപരിമിതി ഉള്ളതിന്റെയും അടിസ്ഥാനത്തിൽ നിലവിലുള്ള കെട്ടിടം പൊളിച്ചുമാറ്റി പുതിയ നിർമ്മാണത്തിന് സൗകര്യം ചെയ്യുന്നതിന് തിരുവനന്തപുരം നഗരസഭ കൗൺസിൽ തീരുമാനം എടുത്തിട്ടുണ്ട്. എന്നാൽ കെട്ടിടം പൊളിച്ചു മാറ്റുന്നതിനെതിരെ ചില വ്യക്തികൾ ബഹു.മുഖ്യമന്ത്രി, വിജിലൻസ്, ബഹു.മേയർ, പുരാവസ്തു വകുപ്പ് എന്നിവർക്ക് പരാതി നൽകിയിരുന്നു. കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാതികൾ തള്ളിക്കളയുകയും ടി കെട്ടിടം പൊളിക്കുന്നതിനും ഉള്ള നടപടികൾ നഗരസഭ സ്വീകരിച്ചു വരുന്നു. ആയത് പ്രകാരം സർവ്വേ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ക്വട്ടേഷൻ സ്വീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു |
| (ബി) | വിദ്യാർത്ഥികളുടെ പഠന സൗകര്യവും ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെടുത്തുന്നതിനായി പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണം അടിയന്തിരമായി ആരംഭിക്കുന്നതിന് തിരുവനന്തപുരം നഗരസഭ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ